കവർസ്റ്റോറി

# ലാൽഗഢ്

# അടിസ്ഥാനവർഗത്തിന് ബംഗാളിൽ സംഭവിക്കുന്ന ദുരന്തം

എ. റശീദുദ്ദീൻ

ബംഗാളിലെ തെമ്മാടികളായ മുഴുവൻ പോലീസുകാർക്കും ശിക്ഷയായി ലഭിക്കുന്ന സ്ഥലംമാറ്റം ലാൽഗഢിലേക്കായിരുന്നു. അവിടെ ഗ്രാമങ്ങളിൽ കടന്നുചെന്ന് ലക്കും ലഗാനുമില്ലാതെ ഈ ഉദ്യോഗസ്ഥർ അഴിഞ്ഞാടി. ലാൽഗഢിൽ നിന്നും രാംഗഢിലേക്കുള്ള വഴിയിൽ മിക്ക ഗ്രാമങ്ങളിലും വൈദ്യുതിയില്ല. ഇഷ്ടക്കാർക്കാണ് ഇവിടെ സൗകര്യങ്ങൾ കിട്ടുക. പാർട്ടിക്ക് പരസ്യമായി അടിമത്തം പ്രഖ്യാപിച്ച ഗ്രാമങ്ങളിൽ വൈദ്യുതിയുണ്ട്.

**ബംഗാളിലെ** ഇടതുഭരണകൂടത്തിന്റെ ശൈലിയുടെ അസ്സൽ പ്രതീകമാണ് ഈയിടെ വാർത്തകളിൽ നിറഞ്ഞ ലാൽഗഢ് പോലീസ് സ്റ്റേഷൻ. മാവോയിസ്റ്റുകൾ ഈ സ്റ്റേഷൻ പിടിച്ചടക്കുകയും പിന്നീട് സൈന്യം ഇടപെട്ട് മോചിപ്പിച്ചെടുക്കുകയും ചെയ്തിരുന്നുവല്ലോ. മേഖലയിലെ ജനങ്ങളും സർക്കാറും തമ്മിലുള്ള ബന്ധം ഉലയുന്നതിന്റെ സൂചനകളാണ് ഈ സംഭവം. പാർട്ടി പ്രവർത്തകരുടെ ഗുണ്ടായിസവും പോലീസിന്റെ അടിച്ചമർത്തലും മാത്രമായി കമ്യൂണിസം ഒതുങ്ങുന്നതിന്റെ നേർക്കാഴ്ചകളാണ് ഇന്ന് പശ്ചിമ ബംഗാളിലുള്ളത്. വെസ്റ്റ് മേദിനിപ്പൂർ ജില്ലയിലെ ആദിവാസി മേഖലകളായ ലാൽഗഢിലും തൊട്ടടുത്ത രാംഗഢിലും എടുത്തുപറയാവുന്ന സ്കൂൾ കെട്ടിടങ്ങളും ആശുപത്രികളും വ്യവസായകേന്ദ്രങ്ങളുമൊന്നും ജനങ്ങൾക്കു നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇരുനിലയിൽ ഒന്നാന്തരം പോലീസ് സ്റ്റേഷൻ പണിതു കൊടുക്കാൻ ബംഗാൾ ഭരണകൂടം മറന്നില്ല. മേഖലയിലെ മുഴുവൻ അടിച്ചമർത്തലിന്റെയും കേന്ദ്രമായത് പിന്നീട് ഈ പോലീസ് സ്റ്റേഷനാണ്. മാവോയിസ്റ്റുകൾ അടിച്ചു പൊളിച്ച ധരംപൂരിലെ പാർട്ടി സോണൽ സെക്രട്ടറി അനൂജ് പാണ്ടെയുടെ ഇരുനില മാളികവീട് മറ്റൊരു പ്രതീകമാണ്. ഭരണവർഗത്തിന്റെ സുഖലോലുപതക്ക് ബംഗാളിലുടനീളം കാണാനാവുന്ന ഉദാഹരണങ്ങളിലൊന്ന്.

ലാപ്ടോപ് ചാർജ് ചെയ്യാൻ മറ്റൊരു മാർഗവും കാണാത്തതുകൊണ്ടാണ് ഈ

പോലീസ് സ്റ്റേഷനകത്തേക്ക് കയറേണ്ടിവന്നത്. ഗേറ്റ് തുറന്നതേയുള്ളൂ. അവിടവിടെ അലസരായി നിന്ന പാറാവുകാരുടെ ജാഗ്രത വർധിക്കുന്നു. അവർ തോക്കുകൾ കൈയിലേന്തി 'പൊസിഷനുകളിൽ' നിൽക്കാൻ തുടങ്ങി. പുറത്ത് റോഡു നിറയെ പത്രക്കാർ നിൽക്കുന്നതുകൊണ്ടും അവരുടെ കൂട്ടത്തിൽ നിന്നും കയറിവരുന്നത് ഈ പോലീസുകാർക്കു കാണാനായതു കൊണ്ടും ദേഹപരിശോധനയില്ല. പക്ഷേ 'എക്സ്റെ കണ്ണുകൾ' കൊണ്ട് സന്ദർശകരെ അവർ കീറിമുറിക്കുകയാണ്. പത്രപ്രവർത്തകൻ ആണെന്നതിന് കേന്ദ്ര ഗവൺമെന്റ് നൽകിയ രേഖകൾ കാണിച്ചതിനു ശേഷം കാര്യം പറഞ്ഞു. മറ്റു പോലീസ് സ്റ്റേഷനുകളെ അപേക്ഷിച്ച് കൗതുകകരം എന്ന് പറയാൻ കഴിയുമായിരുന്നത് അവിടെയുണ്ടായിരുന്ന വിവിധ തരം ചാർജറുകൾ തന്നെയാണ്. ഒരു വലിയ മുറി നിറയെ പ്ലഗ് കണക്ഷനുകൾ. അവയിലെല്ലാം പോലീസ് മാന്യന്മാരുടെ മൊബൈൽ ഫോണുകളും അർധരാത്രിയിൽ സെർച്ചിനു പോകുമ്പോൾ തലയിൽ ഘടിപ്പിക്കുന്ന ടോർച്ചുകളും നിരനിരയായി ചാർജു ചെയ്യാൻ കുത്തിയിട്ടിട്ടുണ്ട്. സ്റ്റേഷൻ റൈട്ടറുടെ മേശയിൽ നിന്നും ഹെഡ് കോൺസ്റ്റബ്ളിന്റെയടുത്തേക്ക്, അവിടെ നിന്നും എസ്.ഐയുടെ, തുടർന്ന് സി.ഐയുടെ... ഏറ്റവുമൊടുവിൽ കുറെ വലിയ യജമാനൻമാർ വട്ടം കൂടിയിരിക്കുന്ന ഒരു മേശക്കടുത്തേക്ക്. മര്യാദയുടെ ലാഞ്ഛന പോലുമില്ലാത്ത മറുപടി. 'സാധ്യമല്ല. ഇത് സുരക്ഷാ തലവേദനയുണ്ടാക്കുന്ന കാര്യമാണ്. നിങ്ങൾ ടൗണിലെ ഏതെങ്കിലും കടയിൽ പോയി അന്വേഷിക്കണം'... ഒപ്പമുണ്ടായിരുന്ന ബംഗാളിയായ സുഹൃത്ത് ഹിന്ദിയിലെ കുപ്രസിദ്ധമായ തെറിവാചകം മുരണ്ടു. വെറുതെയല്ല മാവോയിസ്റ്റുകൾ ഇവരെ മൈൻ പൊട്ടിച്ചു കൊല്ലുന്നത്. നമ്മളോട് ഇതാണ് നിലപാടെങ്കിൽ സാധാരണക്കാരോട് എന്തായിരിക്കും ഇവർ ചെയ്യുന്നുണ്ടാവുക? ലാപ്ടോപ് ചാർജു ചെയ്യാൻ പോലും സുരക്ഷാ ഭീഷണി! ആ പോലീസ് ഉദ്യോഗസ്ഥരുടെ മുഖത്തുനോക്കിയായിരുന്നു പരിഹാസമെങ്കിലും ഒരു ഭാവവ്യത്യാസവും അവർക്കുണ്ടായില്ല.

അന്നവിടെ കണ്ട സെർച്ചു ലൈറ്റുകൾ പോലീസ് പീഡനത്തിന്റെ ഏറ്റവും കൊടിയ പ്രതീകങ്ങളിലൊന്നായിരുന്നു. കശ്മീരിൽ പലപ്പോഴും പറഞ്ഞു കേൾക്കാറുള്ള കഥകളുടെ ആവർത്തനമായിരുന്നു ലാൽഗഢിൽ കേട്ടത്. അർധരാത്രിയിലല്ലാതെ ഒരിക്കൽ പോലും ലാൽഗഢിലെ ഗ്രാമങ്ങളിൽ സെർച്ചു നടക്കാറില്ല. തങ്ങൾ നേരത്തെ നിശ്ചയിച്ച ഗ്രാമത്തിലേക്ക് ഇടിച്ചു കയറി സ്ത്രീകളെയും കുഞ്ഞുങ്ങളെയും വരെ അവർക്കറിഞ്ഞുകൂടാത്ത മാവോ കലാപകാരികളുടെ പേരുപറഞ്ഞ് ഭേദ്യം ചെയ്യാൻ എല്ലാ അധികാരവും പോലീസിനുണ്ടായിരുന്നു. നന്ദിഗ്രാമിലെയും സിംഗൂരിലെയും പ്രക്ഷോഭകാലത്ത് ഈ നായാട്ട് അതിന്റെ കൊടുമയിലെത്തി. പശ്ചിമ ബംഗാളിലെയും അയൽ സംസ്ഥാനങ്ങളിലെ നക്സൽ പോരാട്ടങ്ങൾ നടക്കുന്ന ജില്ലകളിലെയും ഏത് അക്രമസംഭവങ്ങൾക്കും ലാൽഗഢിലെ ജനങ്ങൾ പിഴയൊടുക്കി. കാട്ടാപാടി ഗ്രാമത്തിലെ സീതാമണി പോലീസ് ഭീകരതയുടെ ജീവിക്കുന്ന രക്തസാക്ഷിയാണ്. അർധരാത്രിയിൽ റെയ്ഡിനെത്തിയ പോലീസുകാർ മണിയുടെ കണ്ണ് അടിച്ചുപൊട്ടിച്ചു. ഇതേ റെയ്ഡിന്റെ ഭാഗമായാണ് ഹിന്ദ് സ്വരൻ, രാജാറാം മണി, ലോകീന്ദർ മണി എന്നീ ആദിവാസികൾ കൊല്ലപ്പെട്ട സംഭവം നടക്കുന്നതും. ബംഗാളിലെ തെമ്മാടികളായ മുഴുവൻ പോലീസുകാർക്കും ശിക്ഷയായി ലഭിക്കുന്ന സ്ഥലംമാറ്റം ലാൽഗഢിലേക്കായിരുന്നു. അവിടെ ഗ്രാമങ്ങളിൽ കടന്നുചെന്ന് ലക്കും ലഗാനുമില്ലാതെ ഈ ഉദ്യോഗസ്ഥർ അഴിഞ്ഞാടി. ലാൽഗഢിൽ നിന്നും രാംഗഢിലേക്കുള്ള വഴിയിൽ മിക്ക ഗ്രാമങ്ങളിലും വൈദ്യുതിയില്ല. എത്രത്തോളമെന്നു വെച്ചാൽ ബോഡോ പാലിയ, നർച്ച, മാധവ്പൂർ മുതൽ താംതേചോഡ് വരെ ഏഴു കിലോമീറ്ററോളം ദൂരം ഇലക്ട്രിക് കണക്ഷനുകൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളുണ്ട്. ഈ ഗ്രാമങ്ങൾ മാവോയിസ്റ്റുകളുടെ വിഹാരകേന്ദ്രമാണെന്നാണ് ആരോപിക്കപ്പെടുന്നത്. കാട്ടാപാടിക്കും ലാൽഗഢിനുമിടയിൽ പണ്ട് വൈദ്യുതി ലൈൻ വലിക്കുന്ന കാലത്തും ഈ ഗ്രാമങ്ങൾ മാവോവാദികളുടെ പിടിയിലായിരുന്നോ എന്ന ചോദ്യത്തിന് ആർക്കും ഉത്തരമില്ല. ഇഷ്ടക്കാർക്കാണ് ഇവിടെ സൗകര്യങ്ങൾ കിട്ടുക. പാർട്ടിക്ക് പരസ്യമായി അടിമത്തം പ്രഖ്യാപിച്ച ഗ്രാമങ്ങളിൽ വൈദ്യുതിയുണ്ട്. ധിക്കരിച്ചവർ കഴിഞ്ഞ എത്രയോ വർഷങ്ങളായി ഇരുട്ട് വിഴുങ്ങി ജീവിക്കുന്നു. കാട്ടാപാടിയിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ ആഴ്ചയിൽ രണ്ടു ദിവസം സന്ദർശനത്തിനെത്തുന്ന സർക്കാർ ഡോക്ടറാണ് ഏകദേശം ഇരുപതോളം ഗ്രാമങ്ങളിലെ രോഗികൾക്ക് ആശ്രയിക്കാനുള്ളത്. അസമയത്ത് രോഗം വന്നാൽ ടാക്സി വിളിക്കാൻ പണമില്ലെങ്കിൽ മരിക്കണം. സ്കൂളുകളാകട്ടെ ആശുപത്രിയാവട്ടെ പാർട്ടിയാണ് ആർക്കൊക്കെ അടിസ്ഥാന സൗകര്യങ്ങൾ വേണമെന്നും വേണ്ടെന്നും തീരുമാനിക്കുക. അതിൽ ജനാധിപത്യവും പൊതുജനക്ഷേമവുമൊന്നും നിർണായകമായ ഘടകങ്ങളേയല്ല.

ലാൽഗഢിലെ പോലീസ് അതിക്രമങ്ങളിൽ പ്രതിഷേധിക്കാനായി ഇക്കഴിഞ്ഞ ഏപ്രിൽ അവസാനവാരം കൊൽക്കത്ത നഗരത്തിലെത്തിയ ആദിവാസികളെ മാധ്യമങ്ങൾ മാവോയിസ്റ്റുകളെന്ന് വിളിച്ച് അധിക്ഷേപിച്ചെങ്കിലും അവരുയർത്തിയ ആവശ്യങ്ങൾ പുഛിച്ചു തള്ളാൻ കഴിയുന്നതായിരുന്നില്ല. യഥാർഥത്തിൽ പോലീസി സന്ത്രാസി വിരോധി ജനസാധാരണൻ കമ്മിറ്റിയായിരുന്നു ആദിവാസികളെ തലസ്ഥാന നഗരിയിലേക്ക് കൊണ്ടുവന്നത്. ആദിവാസിയുടെ മഴുവും അ

**ലാൽഗഢിലും തൊട്ടടുത്ത രാംഗഢിലും എടുത്തുപറയാവുന്ന സ്കൂൾ കെട്ടിടങ്ങളും ആശുപത്രികളും വ്യവസായകേന്ദ്രങ്ങളുമൊന്നും ജനങ്ങൾക്കു നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിലും ഇരുനിലയിൽ ഒന്നാന്തരം പോലീസ് സ്റ്റേഷൻ പണിതു കൊടുക്കാൻ ബംഗാൾ ഭരണകൂടം മറന്നില്ല. മേഖലയിലെ മുഴുവൻ അടിച്ചമർത്തലിന്റെയും കേന്ദ്രമായത് പിന്നീട് ഈ പോലീസ് സ്റ്റേഷനാണ്. മാവോയിസ്റ്റുകൾ അടിച്ചു പൊളിച്ച ധരംപൂരിലെ പാർട്ടി സോണൽ സെക്രട്ടറി അനൂജ് പാണ്ടെയുടെ ഇരുനില മാളികവീട് മറ്റൊരു പ്രതീകമാണ്. ഭരണവർഗത്തിന്റെ സുഖലോലുപതക്ക് ബംഗാളിലുടനീളം കാണാനാവുന്ന ഉദാഹരണങ്ങളിലൊന്ന്.**



മ്പും ആധുനികന് പരിഹാസമായെങ്കിലും അവന്റെ പോരാട്ടവീര്യത്തിന്റെ ചൂട് കൊൽക്കത്തക്കാരൻ അന്ന് ശരിക്കുമറിഞ്ഞു. ബുദ്ധദേവിനെതിരെ മുദ്രാവാക്യങ്ങൾ മുഴക്കി നീങ്ങിയ ഈ ആദിവാസികൾ നമുക്കു മുമ്പിൽ ഉയർത്തിയ സുപ്രധാനമായ ഒരു ചോദ്യമുണ്ട്. പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും കർഷകർക്കും വേണ്ടി അധികാരത്തിലേറിയ ഒരു ഭരണകൂടം ഉണ്ടായിരിക്കെ എന്തുകൊണ്ട് ബംഗാളിലെ ഗ്രാമങ്ങളിൽ മാവോയിസ്റ്റുകൾ പിടിമുറുക്കുന്നു? ഭൂവുടമകളെയോ മുതലാളിമാരെയോ അല്ല മാവോയിസ്റ്റുകൾ ലക്ഷ്യമിടുന്നത്, മറിച്ച് ഒരു കമ്യൂണിസ്റ്റ് സർക്കാറിനെയാണ് എന്ന വസ്തുതക്ക് നമ്മൾ അടിവരയിടുക. പട്ടിണിയായിരുന്നു അവരുടെ പ്രധാന പ്രശ്നം. കൃഷിഭൂമിയും തൊഴിലും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവവും രണ്ടാമതേ ചർച്ചയിൽ വരുന്നുള്ളൂ. ഇത് ഗ്രാമീണ ബംഗാളിന്റെ മാത്രം പ്രശ്നമല്ല. ഇന്ത്യയിലെ സമ്പന്ന നഗരങ്ങളുടെ പട്ടികയിൽ 26ാം സ്ഥാനത്താണ് ഇപ്പോൾ കൊൽക്കത്തയുടെ സ്ഥാനം. ഈസ്റ്റിന്ത്യാ കമ്പനിയുടെ ഭരണകാലത്ത് ബ്രിട്ടീഷുകാരുടെ തലസ്ഥാനമായിരുന്ന നഗരമാണിതെന്നോർക്കുക. വിരലിലെണ്ണാവുന്ന വരാണ് ഈ നഗരത്തിൽ മറ്റുള്ളവർക്ക് തൊഴിൽ കൊടുക്കാൻ കഴിയുന്ന രീതിയിൽ വരുമാനമുള്ളവർ. ദൽഹിയിലും ബാംഗ്ലൂരിലും ചെന്നൈയിലും പ്രതിമാസം 10 ലക്ഷത്തിനുമേൽ വരുമാനമുള്ളവരുടെ എണ്ണം 1,35,000 മുതൽ 90,000 വരെയായി വർധിച്ചുവെങ്കിൽ കമ്യൂണിസത്തിന്റെ ഏടുകൾ വിജയിച്ച കൊൽക്കത്തയിൽ വെറും 15,853 പേരാണ് ഈ പ

**ഈ ആദിവാസികൾ നമുക്കു മുമ്പിൽ ഉയർത്തിയ സുപ്രധാനമായ ഒരു ചോദ്യമുണ്ട്. പാവപ്പെട്ടവർക്കും തൊഴിലാളികൾക്കും കർഷകർക്കും വേണ്ടി അധികാരത്തിലേറിയ ഒരു ഭരണകൂടം ഉണ്ടായിരിക്കെ എന്തുകൊണ്ട് ബംഗാളിലെ ഗ്രാമങ്ങളിൽ മാവോയിസ്റ്റുകൾ പിടിമുറുക്കുന്നു? ഭൂവുടമകളെയോ മുതലാളിമാരെയോ അല്ല മാവോയിസ്റ്റുകൾ ലക്ഷ്യമിടുന്നത്, മറിച്ച് ഒരു കമ്യൂണിസ്റ്റ് സർക്കാറിനെയാണ് എന്ന വസ്തുതക്ക് നമ്മൾ അടിവരയിടുക.**

ട്ടികയിലുള്ളവർ. കുത്തകകൾ തീർച്ചയായും എണ്ണം കുറയുന്നത് തന്നെയാണ് അഭികാമ്യം. പക്ഷേ അവരിലേക്ക് കുന്നുകൂടേണ്ടിയിരുന്ന ധനം ദരിദ്രരിലേക്ക് വഴിതിരിച്ചു വിട്ടുവെന്ന് അവകാശപ്പെടാൻ ഒരു കമ്യൂണിസ്റ്റിനും കഴിയാത്ത ചിത്രമാണ് നഗരത്തിന്റേത്. വരുമാനം കുറ്റിയറ്റ, പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളും അറുപഴഞ്ചൻ വാഹനങ്ങളും മുഖചരായയായ കൊൽക്കത്ത കാലത്തിന്റെ എത്രയോ പതിറ്റാണ്ടുകൾ പുറകിലാണ് ഇപ്പോഴും ഓട്ടം തുടരുന്നത്.

ബംഗാളിലെ കമ്യൂണിസ്റ്റ് നേതാക്കളിൽ മിക്കവരുടെയും മണ്ഡലങ്ങളിൽ കാണാനാവുന്നത് ദാരിദ്ര്യവും രോഗവും പീഡകളുമാണ്. സി.പി.എം നേതാവായിരുന്ന സോമനാഥ് ചാറ്റർജി 30 വർഷക്കാലം എം.പിയായിരുന്ന, രവീന്ദ്രനാഥ ടാഗോറിന്റെ ധന്യസ്മൃതികളുറങ്ങുന്ന ബോൽപൂരിൽ കോൺക്രീറ്റ് വീടുകൾ കാണണമെങ്കിൽ മഷിയിട്ട് തെരയണം. ഇത് ബോൽപൂരിന്റെ മാത്രം കാര്യമല്ല. ചളി കൊണ്ട് പടുത്ത, പുല്ലുകൾ മേഞ്ഞ വീടുകളാണ് ബംഗാളിലെ ഗ്രാമങ്ങളിൽ ഉടനീളം. ഉലുബേരിയയിൽ ഹനൻമുല്ലയെ 30 വർഷം സഹിച്ചുമടുത്ത ജനം ഒടുവിൽ തോൽപ്പിച്ചുവിട്ടതിന്റെ കാരണവും മറ്റൊന്നല്ല. രൂപ്ചന്ദ്പാൽ ബംഗാളിലെ നഗരവർഗ കമ്യൂണിസ്റ്റുകളുടെ പ്രതീകമായിരുന്നുവെങ്കിലും തൊഴിലില്ലാത്ത യുവാക്കൾ ഇത്തവണ അദ്ദേഹത്തെയും തിരിഞ്ഞുകുത്തി. സിംഗൂർ, നന്ദിഗ്രാം പ്രശ്ന ഭൂമികകളിലെല്ലാം സി.പി.എം കൂട്ടത്തോൽവി ഏറ്റുവാങ്ങി. ദാരിദ്ര്യത്തിന് സൈദ്ധാന്തിക ഭാഷ്യം കേട്ടുമടുത്ത ജനങ്ങളുടെ പ്രതികരണമായിരുന്നു ഈ തോൽവിയുടെ ഹേതു. ഒപ്പം അപ്പം ചോദിച്ചവനോട് പാർട്ടി കാണിച്ച ഗുണ്ടായിസവും. യു.പിയിലും ബീഹാറിലും ചെയ്യുന്നതു പോലെ വികസനം നഗരങ്ങളിൽ ഒതുക്കിനിർത്തിയില്ല എന്നും ബംഗാൾ മൊത്തത്തിൽ ഒരേമട്ടിൽ വികസിച്ചു എന്നുമാണ് ഈ അപര്യാപ്തതകൾക്ക് കമ്യൂണിസ്റ്റ് സുഹൃത്തുക്കളുടെ മറുവാദം. അടിസ്ഥാന സൗകര്യങ്ങളിൽ പെടുന്ന റോഡ്, വെള്ളം, വൈദ്യുതി എന്നിവ സമഗ്രമായ രീതിയിൽ മൊത്തം ബംഗാളിലും വിതരണം ചെയ്യുന്നുണ്ടത്രെ. പക്ഷേ സിദ്ധാന്തം കടലാസിലേ കാണാനാവൂ. ഇന്ത്യൻ ഗ്രാമങ്ങളിൽ ഒരുപക്ഷേ ഏറ്റവും ദരിദ്രരായ മനുഷ്യർ ജീവിക്കുന്നത് ബുദ്ധദേവ് ഭട്ടാചാര്യയുടെ ബംഗാളിലാണ്.

ഉദാഹരണത്തിന്, മാന്യമായ കൂലി; അതാണല്ലോ എല്ലായിടത്തെയും കമ്യൂണിസ്റ്റുകാരുടെ മുദ്രാവാക്യം. ബംഗാളിൽ ഒരു സാധാരണ തൊഴിലാളിയുടെ വേതനം പ്രതിദിനം ഏറിയാൽ 60 രൂപയാണ്. ബോൽപൂരിൽ നിന്നും ദേവ്രാജ്പൂരിലേക്കുള്ള വഴിയിലെ കൊച്ചുപട്ടണമാണ് സിയൂഡി പുരന്ദർപൂർ. ഇവിടത്തുകാരനായ സുരേൻ മണ്ടൽ 66ാം വയസിലും പനയിൽ കയറി കള്ളുചെത്തി ജീവിക്കുന്നത് എന്തുകൊണ്ടെന്ന് കേരളത്തിലെ ചെത്തുതൊഴിലാളി യൂണിയനുകാർ കേൾക്കണം. 40 രൂപയാണ് മണ്ഡലിന് ഒരു ദിവസം കള്ളുവിറ്റാൽ കിട്ടുന്ന ഏറ്റവും

കൂടിയ വരുമാനം. മൂന്ന് ആൺമക്കളും നാല് പെൺമക്കളുമുള്ള ഈ വൃദ്ധതൊഴിലാളിക്ക് പെൻഷൻ എന്ന ഏർപ്പാടിനെ കുറിച്ച് കേട്ടുകേൾവി പോലുമില്ല. കാരണവന്മാരുടെ ഔദാര്യം കൊണ്ട് കിട്ടിയ ഭൂമിയിൽ കുടിലുകെട്ടി കഴിയുന്ന ഇയാൾ അവസാനത്തെ മകളെ കെട്ടിച്ചയച്ചത് ഉള്ള കൃഷിയിടം വിറ്റുതുലച്ചാണ്. നിലവിൽ വെറും നാല് സെന്റിലെ കൂരയിലാണ് സുരന്റെ താമസം. പുരന്ദർപൂരിലെ ഹോട്ടലുകളിൽ ചായക്ക് ഒരു രൂപയേയുള്ളൂ. കാഴ്ചയിൽ നല്ല ആരോഗ്യമുള്ള രണ്ട് യുവാക്കൾ ഒരു പ്ലേറ്റ് നിറയെ എന്തോ ഭക്ഷണം കഴിക്കുന്നു. അന്വേഷിച്ചപ്പോൾ അത് നമ്മുടെ നാട്ടിലെ പൊരിയാണ്. ബംഗാളിലെ ഗ്രാമങ്ങളിൽ ഏത് ഹോട്ടലിൽ ചെന്നാലും പ്രഭാതഭക്ഷണമായി ലഭിക്കുക ഇത് മാത്രമായിരിക്കും. മൂന്ന് രൂപക്ക് ഒരു പ്ലേറ്റ് വെറും പൊരിയും അഞ്ച് രൂപക്ക് ഉരുളക്കിഴങ്ങിന്റെ കറിയൊഴിച്ച പൊരിയും ലഭിക്കും. ഊണിന് പതിനഞ്ച് രൂപ വിലയുള്ളതു കൊണ്ട് ഒരുനേരം മാത്രമാണ് ഈ തൊഴിലാളികൾ അരിഭക്ഷണം കഴിക്കുന്നത്. ഒരു പുരന്ദർപൂരിന്റെ കഥയല്ലിത്. ലാൽഗഢിൽ തെരഞ്ഞെടുപ്പു റിപ്പോർട്ടു ചെയ്യാൻ പോയി വിശന്നുവലഞ്ഞ വാർത്താലേഖകർക്ക് പൊരിയല്ലാതെ ഒരു കോഴിമുട്ട പോലും അന്നാട്ടിലെ ഹോട്ടലുകളിൽ എവിടെയും കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. ഗ്രാമീണ ബംഗാളിന്റെ ഏറ്റവും വലിയ തൊഴിൽ ഇന്നും ബീഡി തെറുക്കലാണ്. മാൽദ, ബർഹാംപൂർ, മുർഷിദാബാദ്, ജാംഗിപൂർ ജില്ലകളിലായി ഏഴു ലക്ഷത്തോളം ബീഡി തൊഴിലാളികളുണ്ടെന്നാണ് കണക്ക്. കാലത്തു മുതൽ വൈകുന്നേരം വരെ ബീഡി തെറുത്താൽ 35 രൂപയാണ് ആളൊന്നുക്ക് ഇവരുടെ ശരാശരി നിത്യവരുമാനം. അഛനും അമ്മയും മക്കളും കുത്തിയിരുന്ന് തെറുത്താൽ അടുപ്പിൽ തീ പുകയും. കണ്ണൂരിലെ സഖാക്കളുടെ ബീഡിക്കമ്പനിയിൽ കിട്ടുന്ന ക്ഷേമനിധിയും ഗ്രാറ്റുവിറ്റിയുമൊന്നും ഈ നരകപ്പട്ടിണിക്കാർ കേട്ടിട്ടുപോലുമില്ല.

മുന നഷ്ടപ്പെട്ടുപോയ ജനകീയ വിമോചന സങ്കൽപ്പങ്ങളാണ് ഇന്ന് ബംഗാളിലേത്. ഹനൻമുല്ല പാർലമെന്റിൽ പോകുന്നത് അടിസ്ഥാനവർഗ ഉന്നമനത്തിനു വേണ്ടിയുള്ള ആശയസമരം ശക്തിപ്പെടുത്താനാണെന്നും ജനങ്ങളുടെ ജീവിത നിലവാരം മാറണമെങ്കിൽ അടിസ്ഥാന സമ്പ്രദായം മാറണമെന്നുമുള്ള സിദ്ധാന്തം പ്രസംഗിക്കുകയാണ് അദ്ദേഹത്തിന്റെ അനുയായികൾ ചെയ്യുന്നത്. എം.പിക്കോ മന്ത്രിക്കോ മുഖ്യമന്ത്രിക്കു തന്നെയോ സവിശേഷമായി ചെയ്യാനാവുന്ന ഒന്നും ബംഗാളിൽ ഇല്ലെന്നും അടിസ്ഥാനപരമായ മാറ്റം ജനങ്ങളുടെ 'മാറ്റ'ത്തിലൂടെയേ വരികയുള്ളൂ എന്നും പ്രസംഗിച്ച് ഇവർ നേരം പോക്കുന്നു. പക്ഷേ ജനങ്ങൾക്ക് മാറാനുള്ള സ്വാതന്ത്ര്യമുണ്ടോ? കമ്യൂണിസ്റ്റ് അജണ്ടയിൽ വിശ്വസിച്ചു കൊണ്ടല്ലാതെ ജനങ്ങൾക്ക് അവകാശങ്ങൾക്കു വേണ്ടി സംഘടിക്കാനുള്ള അവകാശം ബംഗാളിൽ ഇല്ലെന്നു കരുതുന്നതാണ് ശരി. ഇന്ത്യക്കാരന് സ്വന്തമായ ഏറ്റവും വലിയ അധികാരമെന്നു വിശേഷിപ്പിക്കാവുന്നത് സമ്മതിദാനാവകാശത്തെയാണ്. ബംഗാളിൽ ഇന്ന് ഏറ്റവുമധികം വിലക്കുള്ളതും ഈ സ്വാതന്ത്ര്യത്തിനാണ്. നിങ്ങൾ സി.പി.എമ്മിന് വോട്ടുകൊടുക്കുന്നില്ലെങ്കിൽ വീട്ടിൽ നിന്നും തെരഞ്ഞെടുപ്പു ദിവസം പുറത്തേക്കിറങ്ങാൻ പോലും കഴിയാത്ത സാഹചര്യമാണ് അവിടത്തെ പല ഗ്രാമങ്ങളിലുമുള്ളത്. മാർക്സിസം നല്ലതാണെന്ന ആചാര്യന്മാരുടെ വാക്കുകളെ കണ്ണടച്ച് വിശ്വസിക്കലായിരുന്നു, അത് തങ്ങൾക്ക് ഗുണം കൊണ്ടുവരുന്നുണ്ടോ ഇല്ലേ എന്ന് വിലയിരുത്തി ജീവൻ കളയുന്നതിനേക്കാൾ മെച്ചം. ചരിത്രത്തിലാദ്യമായി അവർ രണ്ടും കൽപ്പിച്ച് ഇത്തവണ പാർട്ടിക്കെതിരെ വോട്ടുചെയ്തെങ്കിൽ കൂടിയും.

**ലാൽഗഢിലെ ആദിവാസികളുടെ ദാരിദ്ര്യത്തിനു മുമ്പിൽ അനൂജ് പാണ്ഡെയുടെ കൊട്ടാരത്തെയും ഭരണകൂടത്തിന്റെ മുഖമെന്ന നിലയിൽ ബുദ്ധദേവിനെയും വില്ലന്മാരായി പ്രതിഷ്ഠിക്കാൻ അവർക്ക് നിഷ്പ്രയാസം കഴിയുന്നു. പാവങ്ങൾക്കു വേണ്ടി അവതരിച്ച ഒരു പ്രസ്ഥാനത്തിന് സങ്കൽപ്പിക്കാനാവുന്ന ഏറ്റവും ദുരന്തപൂർണമായ പതനമാണിത്.**

ബംഗാളിൽ സ്വകാര്യ നിക്ഷേപവും വികസനവും കൊണ്ടുവരാൻ നേരിയ തോതിലുള്ള ഒരു ശ്രമമെങ്കിലും നടക്കുന്നത് ബുദ്ധദേവിന്റെ കാലത്താണ്. നീണ്ട 30 വർഷത്തിനിടയിൽ ആദ്യമായാണ് സംസ്ഥാനത്തുള്ളവർ ഭരണം എന്താണെന്ന് കേൾക്കുകയെങ്കിലും ചെയ്യുന്നത്. പക്ഷേ അവിടെയും കൈയൂക്കിന്റെ ഭാഷയിലായിരുന്നു ഗവൺമെന്റ് സംസാരിച്ചത്. നന്ദിഗ്രാമിലും സിംഗൂരിലും ആവശ്യമുള്ളത് നൽകി ജനങ്ങളെ നല്ലരീതിയിൽ കുടിയൊഴിപ്പിച്ചിരുന്നുവെങ്കിൽ ഒരുവേള ആ പദ്ധതികൾ വിജയിക്കുമായിരുന്നു. പോലീസിനെയും ഹർമദ് വാഹിനി എന്ന സി.പി.എം. ഗുണ്ടാസംഘത്തെയും ഉപയോഗിച്ച് കൃഷിയിടങ്ങൾ പിടിച്ചടക്കി ഫാക്ടറികൾ ഉണ്ടാക്കാനുള്ള നീക്കങ്ങളെയാണ് കർഷകർ ഒറ്റക്കെട്ടായി നിന്ന് പരാജയപ്പെടുത്തിയത്. എന്തുകൊണ്ട് ഈ ഗ്രാമങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ് ഇവിടെ എടുത്തു പരിശോധിക്കേണ്ട കാര്യം. മുതലാളിത്തത്തോടുള്ള സൈദ്ധാന്തികമായ അലർജിയെ നയപരമായി മറികടക്കാനാവില്ലെന്ന വിലയിരുത്തലാണ് പാർട്ടി ഒരുപക്ഷേ



ആദ്യം നടത്തുന്നത്. മുതലാളിത്തത്തിനു വേണ്ടി ജനങ്ങളുമായി ചർച്ചക്കു പോകുന്നതിൽ പാർട്ടിക്ക് നാണക്കേടുണ്ടായിരിക്കണം. പിന്നെ നടക്കേണ്ടത് പ്രതിരോധിക്കാനാവാത്ത ഇരകളെ കണ്ടെത്തി കൈയൂക്കിന്റെ ഭാഷയിൽ കാര്യം നേടലാണ്. ഗ്രാമീണ മുസ്‌ലിം കർഷകർ ബംഗാളിൽ ഇരകളാക്കപ്പെടുന്നത് സി.പി.എമ്മിന്റെ അകത്തുണ്ടായിരുന്ന ഇത്തരമൊരു ആശയദാരിദ്ര്യത്തിന്റെ കൂടി ഭാഗമായിട്ടായിരുന്നു. ജനങ്ങളുമായി നല്ല രീതിയിൽ ആശയസംവാദം നടന്നിരുന്നുവെങ്കിൽ കാര്യങ്ങൾ ബുദ്ധദേവിന്റെ വഴിയെ പോയേനെ എന്നതിന്റെ ഏറ്റവും നല്ല ഉദാഹരണം സിംഗൂർ തന്നെയാണ്. 95 ശതമാനവും സ്ഥാപിക്കപ്പെട്ട ടാറ്റയുടെ കാർ ഫാക്ടറി പൊളിച്ചടുക്കി ഗുജറാത്തിലേക്കു കൊണ്ടുപോയതിനു ശേഷം ആ പാടത്ത് ഇഷ്ടികയും സിമന്റും തൂത്തുവാരിക്കളഞ്ഞ് എത്ര കർഷകർ കൃഷിയിറക്കുമെന്നാണ് നാം കരുതേണ്ടത്? ഈ യാഥാർഥ്യബോധം അവിടത്തെ ജനങ്ങൾക്ക് ഇപ്പോഴുണ്ട്. പക്ഷേ അത് തക്കസമയത്ത് തിരിച്ചറിയാൻ ബംഗാൾ ഭരണകൂടത്തിന് കഴിയാതെ പോയി.

ബീഹാറിലെയും ഒറീസയിലെയും പോലെ കടുത്ത ജന്മി ചൂഷണം നിലനിൽക്കുന്നില്ല എന്നതു മാത്രമാണ് ബംഗാളിലുള്ള ഏക വ്യത്യാസം. അതേസമയം ഈ ചൂഷണത്തിന്റെ ഉപോൽപ്പന്നങ്ങളായ ദാരിദ്ര്യവും പിന്നാക്കാവസ്ഥയും ബീഹാറിലേതിനേക്കാൾ കൂടിയ അളവിൽ ബംഗാളിലെ ഗ്രാമങ്ങളിലുണ്ട്. അത് വളരെയെളുപ്പംൽ ചൂഷണം ചെയ്യാൻ മാവോയിസ്റ്റുകൾക്ക് കഴിയുകയും ചെയ്തു. ദാരിദ്ര്യം മാറ്റിയെടുക്കാനുള്ള ഒരു കർമപദ്ധതിയും കമ്യൂണിസ്റ്റ് സർക്കാറുകളുടെ കൈയിലുണ്ടായിരുന്നില്ല. ഒന്നുകിൽ അവർ ശരിയായ രീതിയിൽ കമ്യൂണിസം നടപ്പാക്കണമായിരുന്നു. അതായത് സ്വകാര്യ ശക്തികളെ പൂർണമായും ഇല്ലാതാക്കി മുഴുവൻ പൗരന്മാരെയും ഭരണകൂടം സംരക്ഷിക്കുന്ന വ്യവസ്ഥകൾ കൊണ്ടുവരണമായിരുന്നു. അതല്ലെങ്കിൽ മുതലാളിത്തത്തിനും തുല്യ അവസരം നൽകണമായിരുന്നു. കമ്യൂണിസം ഒരു ആശയസമരം മാത്രമായി ഒതുങ്ങുകയും പ്രായോഗിക രംഗത്ത് അതിന്റെ ചാലക ശക്തികളാവാൻ പാർട്ടിയുടെ ഒരു നേതാവിനും കഴിയാതെ പോവുകയും ചെയ്തതാണ് ബംഗാളിൽ സംഭവിച്ച ദുരന്തം. ഭരണത്തെ പാർട്ടിയായിരുന്നു നിയന്ത്രിച്ചിരുന്നത്. കേരളത്തിൽ പക്ഷേ കമ്യൂണിസത്തിന് അഞ്ചു വർഷത്തിലൊരിക്കൽ പകരക്കാരുണ്ടായിരുന്നു. ബംഗാളിനെ അപേക്ഷിച്ച് ഇവിടെയുണ്ടായ മാറ്റത്തിന്റെ കാരണവും ഇതാണ്. മാറിമാറി വരുന്ന സർക്കാറുകളുടെ കാലത്ത് പൊതുമേഖലയും സ്വകാര്യമേഖലയും ഒരുപോലെ ശക്തിപ്പെടുകയാണ് കേരളത്തിൽ സംഭവിച്ചത്. കമ്യൂണിസ്റ്റുകാർ പൊതുമേഖലയെ ശക്തിപ്പെടുത്തിയാലും തകർത്താലും പിന്നീട് വരുന്നവർ സ്വകാര്യ മുതലാളിമാരെ കൈയയച്ചുവിട്ട് വരുത്തിയ സന്തുലിതത്വമാണ് ഇവിടെയുള്ളത്. അതേസമയം ഉള്ള വിഭവങ്ങൾ പോലും മാന്യമായി ജനങ്ങളിലേക്കെത്തിക്കാനാവാത്ത സംവിധാനമാണ് ബംഗാളിലെ ഭരണകൂടം.

സി.പി.എമ്മിനകത്ത് നടക്കേണ്ട ഒരു ആത്മപരിശോധന കൂടി ഈ വിഷയത്തിലുണ്ട്. ജനങ്ങൾക്കു വേണ്ടി തങ്ങൾ നിലകൊള്ളുന്നതിന്റെ ചോദന എന്താണെന്നും അത് എത്ര നേതാക്കളിൽ ബാക്കിയുണ്ട് എന്നതും അവർ കണക്കെടുക്കേണ്ടിയിരിക്കുന്നു. താമസവും ഭക്ഷണവും പാർട്ടി ഏർപ്പാടാക്കി പൊതുജനക്ഷേമത്തിനു വേണ്ടി ചില നേതാക്കളെ നിശ്ചയിക്കുകയും അവർക്ക് ശമ്പളം കൊടുക്കുകയും ചെയ്യുന്നു എന്നതാണ് കേരളത്തിലായാലും ബംഗാളിലായാലും ഇന്ന് ബാക്കിയുള്ള കമ്യൂണിസം. ഭരണം നടപ്പിലാവുന്നതും ഇങ്ങനെയുള്ള മന്ത്രിമാരിലൂടെയാണ്. പൊതുഖജനാവിന്റെ കടിഞ്ഞാൺ ഫലത്തിൽ പാർട്ടിയുടെ കൈയിലാണ്. കമ്യൂണിസം നടപ്പിലായ രാജ്യങ്ങളിൽ പൊതുജീവിതത്തിലെ സുതാര്യത ഉറപ്പുവരുത്താൻ നിശ്ചയിച്ച ഒരു സമ്പ്രദായം മാത്രമായിരുന്നു ഇത്. ബംഗാളിൽ നേതാവ് എന്ന വ്യക്തി വളർന്നില്ലെങ്കിലും പാർട്ടി എന്ന ഉപകരണം ശക്തിപ്പെട്ടതാണ് ഇതിന്റെ അനന്തരഫലം. പാർട്ടിയുടെ ഓഫീസുകളും സംവിധാനങ്ങളും പാവങ്ങളുടെ കണ്ണഞ്ചിപ്പിക്കുന്നവയായി മാറി. അത്ര കണ്ട് പണം വാരിയെറിഞ്ഞ ചിത്രമാണ് പാർട്ടി പടുത്ത കൊട്ടാരങ്ങൾക്കുള്ളത്. വ്യക്തിയല്ല വ്യവസ്ഥ അഴിമതിക്കാരനായി എന്നു ചുരുക്കം. കമ്യൂണിസം നടപ്പിലാക്കാൻ കഴിയാത്ത സമൂഹത്തിൽ ഇങ്ങനെ നേതാക്കളെ മാത്രം ഒതുക്കിപ്പൂട്ടി വെക്കുന്നതിൽ എന്തർഥമാണുള്ളത്? ഇന്ത്യൻ സാഹചര്യത്തിൽ ഈ നേതാക്കളെ മുന്നോട്ടു നയിക്കുന്ന വികാരം എന്താണ്? തത്വശാസ്ത്രപരമായ സാഫല്യം ഇന്നത്തെ ഒരു കമ്യൂണിസ്റ്റ് നേതാവിനും ജീവിതകാലത്ത് അനുഭവിക്കാൻ കഴിയില്ലെന്ന് നൂറുവട്ടം തീർച്ച. ഭൗതികമായ നേട്ടങ്ങളും അവർക്കില്ല. നാളെ പടച്ചവന്റെ അടുത്ത് കൂലി കിട്ടുമെന്ന ദൈവവിശ്വാസവും ഇവരുടെ കാഴ്ചപ്പാടിന്റെ ഭാഗമല്ല. പിന്നെയെന്തിന് അവർ ജനങ്ങൾക്കു വേണ്ടി പണിയെടുക്കണം? ദുനിയാവിൽ നേട്ടമുണ്ടാക്കണമെന്ന മോഹമുള്ള കമ്യൂണിസ്റ്റുകാരനാണ് കുറച്ചെങ്കിലുമൊക്കെ ജനങ്ങൾക്കു വേണ്ടി നിലകൊള്ളുന്നതെന്ന വസ്തുത, ഒരു പിണറായി വിജയനെ മുന്നിൽ കണ്ടുകൊണ്ടല്ലെങ്കിലും, പറയാതിരിക്കാൻ വയ്യ. ദുനിയാവിൽ ആർത്തിപ്പണ്ടാരങ്ങളും അഴിമതിക്കാരുമാവാത്ത, എന്നാൽ പാർട്ടിയുടെ അടിമകളുമല്ലാത്ത കുറെ നേതാക്കളും ഭരണാധികാരികളുമാണ് ബംഗാളിലായാലും കേരളത്തിലായാലും സമൂഹത്തിന് ഗുണം ചെയ്യുക. ബംഗാളിൽ പാർട്ടിക്ക് എല്ലാമുണ്ട്. പക്ഷേ ജനങ്ങൾക്ക് ഒന്നുമില്ലാതാവുന്നതിന്റെ കാരണം ചോദന നഷ്ടപ്പെട്ട ഭരണവർഗമാണ്. സമൂഹത്തിന് വേണ്ടി എന്തെങ്കിലുമൊക്കെ ചെയ്യണമെന്ന താൽപര്യം ഇവർ ആശയമുഖത്ത് ഒതുക്കി. ലോക്കൽ കമ്മിറ്റി മുതൽ സ്റ്റേറ്റ് തലം വരെയുള്ള ഈ നിഷ്ക്രിയ നേതൃത്വമാണ് മാവോയിസ്റ്റ് മുതൽ ഭൂമി ഉഛഢ് പ്രതിരോധി കമ്മിറ്റി വരെയുള്ള ജനകീയ സമരങ്ങളുടെ മൂലകാരണക്കാരായി മാറുന്നത്.

ഒറീസയിൽ നിന്നായാലും ബീഹാറിൽ നിന്നായാലും ബംഗാളിലെ ഭൂമിയിൽ മാവോയിസ്റ്റുകൾക്ക് കടന്നുവരാനുള്ള എണ്ണമറ്റ പഴുതുകൾ ഇന്നത്തെ അവസ്ഥയിൽ നിലനിൽക്കുന്നുണ്ട്. ബീഹാറിലെ ചൂഷകനായ ഭൂവുടമയുടെ സ്ഥാനത്ത് ബംഗാളിൽ അക്രമിയായ മുഖ്യമന്ത്രിയെ ആണ് ഇവർ പ്രതിഷ്ഠിക്കുന്നതെന്നു മാത്രം. 'ബുദ്ധദേവിനെ ആരെങ്കിലും തൂക്കിക്കൊല്ലണമല്ലോ. അത് ഞങ്ങൾ തന്നെയാവാം' എന്ന് തോളിൽ എ.കെ. 47 തൂക്കിയ ബികാഷ് എന്ന മാവോയിസ്റ്റ് പീപ്പിൾസ് ലിബറേഷൻ ആർമി നേതാവ് ടി.വി ക്യാമറകളോട് പുറം തിരിഞ്ഞുനിന്ന് സംസാരിക്കുന്നത് പ്രതിലോമകരമായ ഈ ഇമേജിനെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയാണ്. ലാൽഗഢിലെ ആദിവാസികളുടെ ദാരിദ്ര്യത്തിനു മുമ്പിൽ അനൂജ് പാണ്ടെയുടെ കൊട്ടാരത്തെയും ഭരണകൂടത്തിന്റെ മുഖമെന്ന നിലയിൽ ബുദ്ധദേവിനെയും വില്ലന്മാരായി പ്രതിഷ്ഠിക്കാൻ അവർക്ക് നിഷ്പ്രയാസം കഴിയുന്നു.പാവങ്ങൾക്കു വേണ്ടി അവതരിച്ച ഒരു പ്രസ്ഥാനത്തിന് സങ്കൽപ്പിക്കാനാവുന്ന ഏറ്റവും ദുരന്തപൂർണമായ പതനമാണിത്. ■